# പാച്ചുപ്പിള്ളയും ആറ്റില ദ ഹൂണയും

**അഡ്വ. ആർ. സജു**

21-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ബഹുരാഷ്ട്ര കമ്പനികൾ വൻ പ്രതിസന്ധി നേരിടും. അതു കമ്പനിയുടെ മാനേജർമാരുടെയും ഡയറക്ടർമാരുടെയും കഴിവുകേടു കൊണ്ടായിരിക്കും. ഇന്നത്തെ ഡയറക്ടർമാരുടെ മക്കൾ കമ്പനിയുടെ തലപ്പത്തു വരുമ്പോൾ അവർക്ക് പ്രശ്നങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാനാവില്ല എന്ന് ഹാർവാഡ് ബിസിനസ് റിവ്യൂ 1993 ൽ ചൂണ്ടിക്കാട്ടിയിരുന്നു.

ഗ്രീസിലെ 'ആറ്റില ദഹൂണ' രാജാവിന്റെ തന്ത്രങ്ങളായിരുന്നു ബഹുരാഷ്ട്രകമ്പനികളുടെ മാനേജ്മെന്റ് ഇതിന് പ്രതിവിധിയായി കണ്ടെത്തിയത്. ആറ്റില മരമണ്ടൻ രാജാവായിരുന്നു. എന്നാൽ അദ്ദേഹം തന്റെ സാമ്രാജ്യം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്തു. ബുദ്ധിമാന്മാരെ പ്രയോജനപ്പെടുത്താനുള്ള ആറ്റിലയുടെ കഴിവ് അപാരമായിരുന്നു. അദ്ദേഹം ഉപയോഗിച്ച തന്ത്രങ്ങളിൽ നിന്നാണ് 2030 ലെ മാനേജ്മെന്റ് തന്ത്രം. ഇതേക്കുറിച്ച് വിക്ടറി സീക്രട്ട്സ് ഓഫ് ആറ്റില ദഹൂണ എന്ന ബെസ്റ്റ് സെല്ലർ പുസ്തകവും പുറത്തിറങ്ങി.

ഇതു വായിച്ചപ്പോൾ എനിക്ക് ഒരു കൗതുകം തോന്നി. 75 വർഷം മുമ്പ് എന്റെ ഗ്രാമത്തിൽ രണ്ടു കയ്യും വീശിയെത്തി, ജില്ലയിലെ ഏറ്റവും സമ്പന്നനായി മാറിയ കുന്നത്തെ പാച്ചുപ്പിള്ള എങ്ങനെ തന്റെ സാമ്രാജ്യം സ്ഥാപിച്ചു എന്നറിയാൻ. ലോകബാങ്കിന്റെ തന്ത്രങ്ങളെ പോലും കവച്ചുവയ്ക്കുന്നതാണ് പാച്ചുപിള്ളയുടെ തന്ത്രങ്ങൾ.

ബ്രിട്ടീഷ് പൊലീസിൽ കോൺസ്റ്റബിൾ ആയിരുന്ന പാച്ചുപ്പിള്ള സർവീസിൽനിന്നു പിരിച്ചയച്ച ശേഷമാണ് ഗ്രാമത്തിലെത്തിയത്. ഗ്രാമത്തിൽ കുറച്ച് ഗുണ്ടകളുമായി സൗഹൃദം സ്ഥാപിച്ചു. മാസങ്ങൾ കഴിഞ്ഞപ്പോൾ ഏലായിലെ ഒരു പ്രമാണി മകളുടെ കല്യാണാവശ്യാർത്ഥം വയൽ വിലിക്കാൻ തീരുമാനിച്ചു. പ്രമാണി പാച്ചുപ്പിള്ളയെ സമീപിച്ചു. ഏറ്റവും നല്ല വയൽ എടുത്തു പണം നല്കാനായിരുന്നു ആവശ്യം. പാച്ചുപ്പിള്ള വിളയുണ്ടാകാത്ത, വെള്ളം കെട്ടിനില്ക്കുന്ന വയൽ വാങ്ങി നല്ല വയലിന്റെ വില നല്കി. പാച്ചുപ്പിള്ളയുടെ മഹാമനസ്കതയെ ജനങ്ങൾ വാഴ്ത്തി. പാച്ചുപ്പിള്ള പിന്നീട് നാട്ടുകാരുമായി സൗഹൃദം സ്ഥാപിച്ച് ഓരോരുത്തരേയും നേരിട്ട് പഠിച്ചു. രണ്ടു വർഷം പാച്ചുപ്പിള്ള വാങ്ങിയ വയൽ ഒന്നും ചെയ്തില്ല.

പിന്നീട് പാച്ചുപ്പിള്ള തന്റെ തനി സ്വഭാവം പുറത്തെടുക്കാൻ തുടങ്ങി. മഴക്കാലത്ത് തന്റെ വയലിൽ വെള്ളം കെട്ടിനിർത്തി മറ്റു വയലിൽ വിളവെടുക്കാറാവുമ്പോൾ തുറന്നു വിടും. അതുമൂലം ആ വയലിലെ കൃഷി നശിക്കും. അടുത്ത വയലിന്റെ ഉടമസ്ഥരുമായി വഴക്കുണ്ടാക്കിയാണിത് ചെയ്യുക. അപ്പോൾ നാട്ടുകാരെ തന്റെ ഭാഗത്തു കൂട്ടും. കൃഷി നശിപ്പിക്കപ്പെട്ട വയൽ വാങ്ങാൻ ആരുമുണ്ടാവില്ല. ഒടുവിൽ അത് കുറഞ്ഞ വിലയ്ക്ക് പാച്ചുപ്പിള്ള തന്നെ വാങ്ങും. അങ്ങനെ ആ ഏലായിലെ എല്ലാ വയലുകളും പാച്ചുപ്പിള്ള തട്ടിയെടുത്തു. കൃഷിഭൂമി നഷ്ടപ്പെട്ടവർ പാച്ചുപ്പിള്ളയുടെ തൊഴിലാളികളായി.

നികുതി വെട്ടിപ്പിനും പാച്ചുപ്പിള്ളക്ക് തന്ത്രങ്ങളുണ്ട്. വീട്ടിലെ നെല്ലറയുടെ വലിപ്പം നോക്കിയാണ് നികുതി. പാച്ചുപ്പിള്ളയ്ക്ക് പത്തായവും നെല്ലറയുമില്ല. നെല്ലു ശേഖരിക്കുക വയ്ക്കോൽ പന്തലിനകത്താണ്. എലിയുടെ ശല്യവുമില്ല.

പാച്ചുപ്പിള്ളയുടെ കാലത്ത് മുറികൾ കെട്ടി വാടകയ്ക്ക് കൊടുക്കാൻ ആരും തയാറായിരുന്നില്ല. പ്രധാന കാരണം വാടക വാങ്ങാനും മുറികൾ ഒഴിപ്പിക്കാനുമുള്ള ബുദ്ധിമുട്ടായിരുന്നു. എന്നാൽ പാച്ചുപ്പിള്ള പ്രധാന കവലയിൽ അമ്പതിൽപരം മുറികൾ വാടകയ്ക്ക് കൊടുത്തു. കടയുടെ വാതിലുകൾ നിരപ്പലകകളാണ്. വാടക വൈകിയാൽ പാച്ചുപ്പിള്ള ഒരു പലകയെടുത്തു കൊണ്ടുപോകും. കടയടക്കാൻ പറ്റാതെ വരുന്ന വാടകക്കാരൻ എങ്ങനെയെങ്കിലും വാടകയൊപ്പിച്ചു കൊടുക്കും.

നൂറോളം ബസുകൾ ഉള്ള സർവീസ് പാച്ചുപ്പിള്ളയ്ക്ക് ഉണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധ ശേഷം പഴയ വണ്ടികൾ ബ്രിട്ടീഷുകാർ മദ്രാസിൽ ലേലം ചെയ്തിരുന്നു. ആ വാഹനങ്ങളാണ് സർവീസ് നടത്തിയിരുന്നത്. ലേലത്തിലും പാച്ചുപ്പിള്ള തന്ത്രം പ്രയോഗിച്ചു. ആദ്യമാദ്യം നല്ല ബസുകളാണ് ലേലം ചെയ്തിരുന്നത്. ഉയർന്ന വിലയ്ക്ക് ബസുകൾ ലേലം പിടിക്കുന്ന ആളുകളുടെ മേൽവിലാസം പാച്ചുപ്പിള്ള വാങ്ങും. അവസാനം ആർക്കും വേണ്ടാത്ത ബസുകൾ പാച്ചുപ്പിള്ള ലേലം പിടിക്കും. ലേലം പിടിച്ച് ..... ബസുകൾ പൊളിച്ച് ബാക്കി ബസുകളിൽ കയറ്റി അടുക്കിയാണ് കൊണ്ടുവരിക. ഒരു വർഷത്തിനു ശേഷം നല്ല ബസുകൾ ലേലം പിടിച്ചവരെ തിരക്കി പാച്ചുപ്പിള്ള പോകും. സ്പെയർ പാർട്ടില്ലാതെ അവ പലപ്പോഴും കടപ്പുറത്തായിരിക്കും. നിസാര വിലക്ക് അവ വാങ്ങി, കൈവശമുള്ള പഴയ ബസിന്റെ സ്പെയർ പാർട്സുകളിട്ട് പാച്ചുപ്പിള്ള ഓടിക്കും. രണ്ടു വർഷം കൊണ്ടു എല്ലാ ബസുകളും ചില്ലറ വിലയ്ക്ക് പാച്ചുപ്പിള്ള തന്നെ വാങ്ങി.

നാട്ടിലെ ഒരു സ്കൂളിന് പുതിയ കെട്ടിടം വയ്ക്കാൻ ജനങ്ങൾ തീരുമാനിച്ചു. പാച്ചുപ്പിള്ളയും എത്തി. വിപുലമായ കമ്മിറ്റിയുണ്ടാക്കി. നാട്ടുകാരിൽനിന്ന് പണം പിരിക്കാൻ തീരുമാനിച്ചു.

പാച്ചുപ്പിള്ള ഒരു നിർദേശം വച്ചു. കെട്ടിടത്തിന്റെ ഓരോ ഭാഗവും ഓരോരുത്തർ നല്കുക. മേൽക്കൂരയും ഓടും പാച്ചുപ്പിള്ള ഏറ്റു. അവസാന ഭാഗത്തെ പണിക്കുള്ളവ. കെട്ടിടം പണിയുണ്ടാവില്ല എന്ന വിശ്വാസത്തിലാവും അത് പാച്ചുപ്പിള്ള ഏറ്റത്. എന്നാൽ ജനങ്ങൾ കെട്ടിടം കെട്ടിയുയർത്തി. രാത്രി പാച്ചുപ്പിള്ളയുടെ ഗുണ്ടകൾ കെട്ടിടം ഇടിച്ചിട്ടു. രാവിലെ കണ്ണീരുമായി ആദ്യം എത്തിയത് പാച്ചുപ്പിള്ളയായിരുന്നു. പുത്തൻ മാനേജ്മെന്റിലെ പല തന്ത്രങ്ങളും പാച്ചുപ്പിള്ളയിൽനിന്നും പഠിക്കാനുണ്ട്.

(ഓരോ പ്രദേശത്തും ഇത്തരം അനുഭവങ്ങളും ഓർമകളുമുള്ളവർ അവ കേരളീയത്തിലേക്ക് എഴുതുക).

## വൃദ്ധസംരക്ഷണത്തിന് പ്രത്യേക നിയമം വരുന്നു

വൃദ്ധജനങ്ങളുടെ താല്പര്യസംരക്ഷണത്തിനായി പ്രത്യേക പദ്ധതികളും നിയമനിർമ്മാണവും നടത്താൻ കേരള സർക്കാർ ആലോചിക്കുന്നു.

1991ലെ കാനേഷുമാരി കണക്കനുസരിച്ച് സംസ്ഥാനത്തെ ജനസംഖ്യയുടെ 9 ശതമാനമാണ് വൃദ്ധജനങ്ങൾ. 2020 ആകുമ്പോൾ ഇത് 12 ശതമാനമായി ഉയരുമെന്നാണ് വിദഗ്ദ്ധ മതം. ഇത് പലവിധ സാമൂഹ്യപ്രശ്നങ്ങൾക്കും കാരണമാകുമെന്ന് ആസൂത്രണ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

കേരളത്തിലെ മാറിയ കുടുംബ സാഹചര്യത്തിൽ വൃദ്ധജനങ്ങൾ ഏറെ ഒറ്റപ്പെടലും ശാരീരിക – മാനസിക പ്രശ്നങ്ങളും നേരിടുകയാണ്. അവശരും രോഗികളുമായ മാതാപിതാ



ക്കളെ സംരക്ഷിക്കാൻ തീരെ താത്പര്യം കാണിക്കാത്ത ഒരു തലമുറയാണ് വളർന്നുവരുന്നത് എന്നതാണ് ആശങ്കയുണ്ടാക്കുന്ന കാര്യം. അതുകൊണ്ടുതന്നെ വൃദ്ധരുടെ താമസം, ചികിത്സ, പരിചരണം, മാനസികാരോഗ്യം നിലനിർത്തൽ എന്നിവയെല്ലാം കുടുംബത്തിന്റെ ചുമതല എന്ന നിലമാറി സമൂഹത്തിന്റെ ചുമതലയാവുന്ന ഒരവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ഈ സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട്, കേന്ദ്രതലത്തിൽ ചില നിയമനിർമാണങ്ങൾ നടന്നുവരികയാണ്. ഇന്ത്യൻ സംസ്ഥാനങ്ങളിൽവെച്ച് വൃദ്ധരുടെ അനുപാതം ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണെന്നത്, ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്താൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നുണ്ട്.